# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 2099** — **22.01.2014 -ലെ മറുപടിക്ക്**

## ചാലക്കുടി പോലീസ് സ്റ്റേഷനിലെ 800/ODTN/L1/13-ാം നമ്പർ കേസ്സിന്റെ അന്വേഷണം

| ചോദ്യം<br>ശ്രീ. റോഷി അഗസ്റ്റിൻ | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) ചാലക്കുടി പോലീസ് സ്റ്റേഷനിൽ 2013-ൽ രജിസ്റ്റർ ചെയ്ത 800/ODTN/L1/13-ാം നമ്പർ കേസ്സിന്റെ അന്വേഷണ പുരോഗതി വിശദമാക്കുമോ; ഇതിൽ ആരെല്ലാമാണ പ്രതികളെന്നു വ്യക്തമാക്കുമോ; | (എ) ചാലക്കുടി പോലീസ് സ്റ്റേഷനിൽ 800/ODTN/L1/13-ാം നമ്പർ പരാതിയിൽ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. പ്രസ്തുത പരാതിയിൽ എതിർകക്ഷിയായി ആരോപിച്ചിരിക്കുന്നത് കിഴക്കേ , ചാലക്കുടി വില്ലേജിൽ, ചാലക്കുടി പുറകുവശം താമസം മാനാടൻ വീട്ടിൽ ലോനപ്പൻ മകൻ രാജൻ എന്നയാളാണ്. |
| (ബി) പ്രസ്തുത കേസ് നൽകിയതാരാണെന്നും, കേസ് രജിസ്റ്റർ ചെയ്തത് എന്നാണെന്നും വ്യക്തമാക്കുമോ; | (ബി) പ്രസ്തുത പരാതി നൽകിയത് സെന്റ് ജെയിംസ് ആശുപത്രിക്ക് സമീപം വരാപ്പുഴക്കാരൻ തളിയത്ത് വീട്, ശ്രീ. വി.ഐ. പോൾ എന്നയാളാണ്. പ്രസ്തുത പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |
| (സി) ഈ കേസ് നൽകിയ വ്യക്തിക്കെതിരെ വധശ്രമത്തിനു പ്രത്യേകം കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത കേസ് രജിസ്റ്റർ ചെയ്തത് എന്നാണെന്നും, രജിസ്റ്റർ ചെയ്ത സമയം എപ്പോഴാണെന്നും വ്യക്തമാക്കുമോ; | (സി) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ചാലക്കുടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 3032/13 u/s 341, 324, 308 IPC ആയി 08.12.2013 ൽ 11.00 മണി സമയത്താണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ഡി) ഇപ്രകാരം കേസ്സെടുക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ? | (ഡി) കിഴക്കേ ചാലക്കുടി വില്ലേജ്, ചാലക്കുടി ദേശത്ത് മാനാടൻ വീട്ടിൽ ലോനപ്പൻ മകൻ രാജൻ എന്നയാൾ 07.12.2013 തീയതി രാത്രി 9.30 മണിക്ക് ടിയാന്റെ വീടിനടുത്ത് വെച്ച് വരാപ്പുഴക്കാരൻ പോൾ എന്നയാൾ തൂമ്പ കൊണ്ട് കൊത്തിയതിൽ പരിക്കേറ്റ് ചാലക്കുടി സെന്റ് ജെയിംസ് ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന വിവരം കിട്ടിയ പ്രകാരം ചാലക്കുടി പോലീസ് സ്റ്റേഷനിലെ എസ്.സി.പി.ഒ. 4454 മൊഴി രേഖപ്പെടുത്തി ഹാജരാക്കിയതു പ്രകാരമാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ